017698

.183

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നമ്പർ. 174/2011/റവന്യൂ. തീയതി, തിരുവനന്തപുരം, 2.5.2011.

---

RECEIVED
10 MAY 2011
THIRUVANANTHAPURAM

വായിച്ചത്:-
1. 19.12.1985-ലെ ജി.ഒ.(എം.എസ്)1026/85/ആർ.ഡി നമ്പർ ഉത്തരവ്.
2. 7/7/1997-ലെ ജി.ഒ.(എം.എസ്)511/97/ആർ.ഡി നമ്പർ ഉത്തരവ്
3. 9/11/1999-ലെ ജി.ഒ.(എം.എസ്)440/99/ആർ.ഡി നമ്പർ ഉത്തരവ്.
4. 29/09/2008-ലെ ജി.ഒ.(എം.എസ്)502/98/ആർ.ഡി നമ്പർ ഉത്തരവ്.
5. 14/5/2004-ലെ ജി.ഒ.(പി)126/2004/ആർ.ഡി നമ്പർ ഉത്തരവ്.

ഉത്തരവ്

പാട്ടത്തിന് നൽകുന്ന സർക്കാർ ഭൂമിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി നിരവധി നിർദ്ദേശങ്ങൾ ഇതിനകം നൽകിയിട്ടുള്ളതാണ്. എന്നാൽ നടപടി ക്രമങ്ങളിൽ മാറ്റം വരുത്താത്തതിനാൽ നിലവിൽ സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത് റവന്യൂ ഉദ്യോഗസ്ഥർക്കും പാട്ട ഭൂമികളുടെ ഗുണഭോക്താക്കൾക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ഭൂമി പതിവ് നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(എ) പാട്ടം പുതുക്കുന്നതുമായി ബന്ധപ്പെട്ട് പാട്ട ഭൂമിയുടെ വില നിർണ്ണയിക്കുന്നിതുന് നിർദ്ദിഷ്ട പാട്ട ഭൂമിയുമായി ചേർന്ന് കിടക്കുന്ന പട്ടയ വസ്തുക്കളുടെ ന്യായവില (fair value) നിജപ്പെടുത്തിയിട്ടുള്ളതിനാൽ, പ്രസ്തുത വിലയുടെ ഇരട്ടി വില മാർക്കറ്റ് വിലയായി കണക്കാക്കി പാട്ടത്തുക നിർണ്ണയിക്കേണ്ടതാണ്.

(ബി) പാട്ടത്തിന് നൽകിയതോ അല്ലാത്തതോ ആയ റവന്യൂ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾക്ക് മാത്രമായി വൃക്ഷപാട്ടങ്ങൾ നിജപ്പെടുത്തേണ്ടതും, പി.ഡബ്ള്യൂ.ഡി പുറമ്പോക്ക്, പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമികൾ എന്നിവയിൽ നിൽക്കുന്ന വൃക്ഷങ്ങൾ കൃത്യമായ മഹസ്സർ തയ്യാറാക്കി കേരളാ ഭൂസംരക്ഷണനിയമ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള അതാതു വകുപ്പ് അധികാരികളെ രേഖാമൂലം ഏൽപ്പിക്കേണ്ടതും അത്തരം പാട്ടങ്ങൾ റവന്യൂ വകുപ്പിന്റെ പാട്ടക്കേസുകളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

(സി) വ്യക്തികൾക്ക് നൽകുന്ന പാട്ടങ്ങൾ 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ആയിരിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്ക് പാട്ടം നൽകുന്നതിനുള്ള പൂർണ്ണമായ അധികാരം സർക്കാരിൽ നിക്ഷിപ്തമാകയാൽ ജില്ലയിൽ നിന്നും സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള മുഴുവൻ കേസുകളും പുന:പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി പുതുക്കിയ ശുപാർശകൾ ലാന്റ് റവന്യു കമ്മീഷണർ മുഖാന്തിരം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(ഡി) നിലവിലോ, ഭാവിയിലോ പൊതു ഉപയോഗത്തിന് ആവശ്യമില്ലാത്തതും, മുപ്പതിലേറെ വർഷങ്ങളായി 5 സെന്റിൽ താഴെമാത്രം വരുന്ന ഭൂമിയിൽ വീടുവച്ച് താമസിച്ചു വരുന്നവരും സർക്കാരിലേയ്ക്ക് കൃത്യമായി പാട്ടം ഒടുക്കിവരുന്നതുമായ മുഴുവൻ കേസുകളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും നിയമ പ്രകാരമുള്ള പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വില്ലേജ് ഓഫീസറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ഉൾപ്പെടെ കളക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നിബന്ധനകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് തഹസീൽദാർമാർക്ക് പട്ടയ നടപടികൾ സ്വീകരിക്കേണ്ട അനുമതി കളക്ടർ തലത്തിൽ നൽകേണ്ടതാണ്. ഇതിന്റെ പ്രയോജനം ഭൂരഹിതരായ പാവപ്പെട്ടവർക്കു മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.നിവേദിത പി.ഹരൻ,
അഡീ.ചീഫ് സെക്രട്ടറി,
റവന്യൂ.

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.